**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 418** **05-12-2022 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ നഗരസഭയിലെ സാങ്കേതിക വിഭാഗത്തിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നഗരസഭയിൽ ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ ടെക്നിക്കൽ വിഭാഗം തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | കോട്ടക്കൽ നഗരസഭയിലെ ഒഴിഞ്ഞു കിടക്കുന്ന ഓവർസിയർ തസ്തികയിലെ ഒഴിവിൽ കേരള പി.എസ്.സി. മുഖേന അഡ്വൈസ് മെമ്മോ ലഭിച്ച ഉദ്യോഗാർത്ഥിയെ നിയമിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒരു ഒഴിവ് പ്രസവാവധിയെ തുടർന്ന് ഉണ്ടായ ഒഴിവാണ്. മറ്റൊഴിവുകളൊന്നും എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിലില്ല. |
| (സി) | കോട്ടക്കൽ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാങ്കേതിക വിഭാഗത്തിൽ ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി സ്ഥിര നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | കോട്ടക്കൽ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. പി.എസ്.സി. യിൽ നിന്നും അഡ്വൈസ് മെമ്മോ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതാണ്. കൂടാതെ, ഉദ്യോഗക്കയറ്റം മുഖേനയും ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ